ൽ പരം വയോജനങ്ങൾ പ്രത്യേക വയോജന ഒ.പി. സംവിധാനവും ഉപയോഗപ്പെടുത്തിവരുന്നു.

- വയോജനങ്ങളുടെ അറിവുകളും കഴിവുകളും അംഗൻവാടികളിലൂടെ പുതുതലമുറക്ക് ലഭ്യമാക്കിവരുന്നു.
- വയോജനങ്ങൾ അനുഭവിക്കുന്ന വിവിധതരം പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നു.

### 4.6.9. പരിമിതികൾ/വെല്ലുവിളികൾ

ജീവിതത്തിന്റെ വസന്തകാലം പൊതുസമൂഹത്തിനും കുടുംബത്തിനും വേണ്ടി വിനിയോഗിച്ച് വാർദ്ധക്യത്തിലെത്തുന്ന വയോജനങ്ങളോടുള്ള പൊതുസമൂഹത്തിന്റെ ഇടപടെലുകളിലും നിലപാടുകളിലും കാതലായ മാറ്റം വരേണ്ടതുണ്ട്.



# പ്രാദേശിക വികസന മാതൃകകൾ:

## മീനങ്ങാടി ഗ്രാമപഞ്ചായത്ത്

വയനാട് ജില്ല

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ - 680581

ഫോൺ : 0487-2207000 (ഓഫീസ്)
0487-2207001, 2201312 (ഡയറക്ടർ), 2201062(ഫാക്സ്)
ഇ-മെയിൽ : mail@kilaonline.org

മാർച്ച് 2015

പ്രാദേശിക വികസന മാതൃകകൾ | **Local Development Models**
മീനങ്ങാടി ഗ്രാമപഞ്ചായത്ത് | Meenangadi Grama Panchayat
മാർച്ച് 2015 | March 2015

*ചീഫ് എഡിറ്റർ* | *Chief Editor*
**ഡോ. പി.പി. ബാലൻ** | **Dr. P.P.Balan**
ഡയറക്ടർ, കില | Director, KILA

*എഡിറ്റർ* | *Editor*
**ഡോ. ജെ.ബി. രാജൻ** | **Dr. J.B.Rajan**
കോഴ്സ് ഡയറക്ടർ, കില | Course Director, KILA

*അസോസിയേറ്റ് എഡിറ്റർമാർ* | *Associate Editors*
**പ്രതാപ്സിംഗ് എ.എസ** | **Prathapsingh A.S**
ട്രെയിനിംഗ് അസ്സോസിയേറ്റ്, കില | Training Associate, KILA

**അനിൽകുമാർ പി.വൈ** | **Anilkumar P.Y**
എക്സ്റ്റൻഷൽ ഫാക്കൽറ്റി, കില | Extension Faculty, KILA

*ഡോക്യുമെന്റേഷൻ* | *Documentation*
**ഷറീഫ് സി.കെ.** | **Shareef. C.K.**

*സാങ്കേതിക സഹായം* | *Technical Support*
**സി. അസൈനാർ** | **C. Assainar**
പ്രസിഡന്റ്, മീനങ്ങാട് ഗ്രാമപഞ്ചായത്ത് | President, Meenangadi Grama Panchayat

**എ. ഷംസുദ്ദീൻ** | **A. Shamsudheen**
സെക്രട്ടറി, മീനങ്ങാട് ഗ്രാമപഞ്ചായത്ത് | Secretary, Meenangadi Grama Panchayat

**ടി.എം. ഷിഹാബ്** | **T.M. Shihab**
എച്ച്.ആർ.ഡി.സി. കോർഡിനേറ്റർ | HRDC, Co-ordinator
മീനങ്ങാട് ഗ്രാമപഞ്ചായത്ത് | Meenangadi Grama Panchayat

**എൻ.പി.വേണുഗോപാൽ** | **N.P. Venugopal**
എക്സ്റ്റൻഷൽ ഫാക്കൽറ്റി, കില | Extension Faculty, KILA

*ഡി.ടി.പി* | *D.T.P.*
**സുലോചന. സി.കെ.** | **Sulochana.C.K.**

*കവർ ഡിസൈൻ* | *Cover Design*
**ഉസ്മാൻ കുട്ടോത്ത്** | **Usman Kuttoth**

*ലേയൗട്ട്* | *Layout*
**രാജേഷ് ടി.വി.** | **Rajesh T.V.**

*പ്രസാധകർ* | *Published by*

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ** | **Kerala Institute of Local Administration**
മുളങ്കുന്നത്തുകാവ്, തൃശൂർ 680581 | Mulamkunnathukavu, Thrissur – 680581
ഫോൺ : 0487-2207000(ഓഫീസ്) | Phone: 0487-2207000 (Office)
0487-2201312(ഡയറക്ടർ), 2201062(ഫാക്സ്) | 0487-2201312 (Director), 2201062 (Fax)
ഇ-മെയിൽ : mail@kilaonline.org | e-mail: mail@kilaonline.org

അച്ചടി | Printed at
കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് | Co-operative Press, Mulamkunnathukavu
ഫോൺ : 0487-2200391, 9895566621 | Ph: 0487-2200391, 9895566621


### 4.6.6. പദ്ധതി വ്യയം

**പട്ടിക 4.16: പദ്ധതി ചെലവ്**

| ഇനം | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| ഹെൽത്ത് കാർഡ്, മെഡിക്കൽ ക്യാമ്പ്, മരുന്ന് വിതരണം | 4,50,000 | 3,30,297 | 2,33,440 | 10,13,737 |
| ബോധവൽക്കരണം, സംഘടനാ സംവിധാനം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ | 1,00,000 | 1,12,000 | 68,000 | 2,80,000 |
| ചെലവഴിച്ചത് | | 75,000 | 49,000 | 1,24,000 |
| വയോജന കേന്ദ്രം നടപ്പു വർഷം ചെലവഴിക്കാനുള്ളത് | 0 | | 49,560 | 49,560 |
| **ആകെ** | **5,50,000** | **5,17,297** | **4,00,000** | **14,67,297** |

നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കാനുള്ള 49560 രൂപ പ്രവർത്തന/ട്രയിനിംഗ് കലണ്ടർ പ്രകാരം 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ചെലവഴിക്കേണ്ടത്.

### 4.6.7. നിർവ്വഹണം

മീനങ്ങാടി ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ എന്നിവരുടെ നിയന്ത്രണത്തിൽ 2012-13 കാലയളവിൽ ആരംഭിച്ച 'വയോജന വികസന സമഗ്ര പദ്ധതി'യുടെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു.

### 4.6.8. നേട്ടങ്ങൾ

- ഹെൽത്ത് കാർഡ് സംവിധാനത്തിലൂടെ (4019 പേർക്ക്) മുഴുവൻ വയോജനങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാൻ സാധിച്ചു. 3400

വയോജന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വയോജന അയൽസഭകൾ, വാർഡ്തല വയോജന സഭകൾ, പഞ്ചായത്ത്തല വയോജന സഭകൾ, വയോജന സഹായക സമിതി എന്നീ സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകി.

- പഞ്ചായത്ത് ബസ് സ്റ്റാന്റ് പരിസരത്ത് വയോജന സൗഹൃദ വിശ്രമ കേന്ദ്രം ആരംഭിച്ചു.
- വാർഡ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- വയോജന ഹെൽത്ത് കാർഡ് വിതരണം.
- വയോജന, പ്രത്യേക ഒ.പി. സംവിധാനം - ആഴ്ചയിൽ ഒരു ദിവസം ആയുർവേദ ഡിസ്പെൻസറിയിൽ വയോജന ഒ.പി. നടത്തി പ്രത്യേകം മരുന്നുകൾ വിതരണം ചെയ്തുവരുന്നു.

### 4.6.5. പദ്ധതി അടങ്കൽ

**പട്ടിക 4.15: പദ്ധതി അടങ്കൽ**

| വിഭവസ്രോതസ്സ് | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| ടി.എസ്.പി. | 2,00,000 | 2,37,297 | 1,50,000 | 5,87,297 |
| വികസന ഫണ്ട് | 3,50,000 | 0 | 2,50,000 | 6,00,000 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 95,000 | 0 | 95,000 |
| തനത് ഫണ്ട് | 0 | 1,85,000 | 0 | 1,85,000 |
| **ആകെ** | **5,50,000** | **5,17,297** | **4,00,000** | **14,67,297** |



## മുഖക്കുറി

വികേന്ദ്രീകൃതാസൂത്രണത്തിലൂന്നിയ വികസന പരിപ്രേക്ഷ്യം കേരളത്തിൽ രണ്ട് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. ഇത്തരത്തിൽ ആവിഷ്ക്കരിച്ചുകൊണ്ട് നവീനവും സ്ഥായിയായതുമായ നിരവധി മാതൃകാ പദ്ധതികൾ നടപ്പിലാക്കിയ ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ കേരളത്തിലുണ്ട്. വിജയകരമായ പദ്ധതികൾ മറ്റു ഗ്രാമപഞ്ചായത്തുകൾക്കുകൂടി അനുഭവവേദ്യമാക്കുന്നതിനാണ് 'കില' 'പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക്' എന്ന പഠന പരിപാടി സംഘടിപ്പിക്കുന്നത്.

മാതൃക പദ്ധതികൾ നേരിൽ കണ്ട് പഠിക്കുന്നതിനും അനുകരണീയ സാധ്യതകൾ ആരായുന്നതിനും ഈ പഠന സന്ദർശന പരിപാടിയിലൂടെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവസരം ഒരുക്കുന്നു എന്നതാണ് പ്രത്യേകത. നവീന വികസന മാതൃകകൾ വിഭാവനം ചെയ്യുന്ന പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രദേശങ്ങൾക്കനുസൃതമാക്കുവാൻ തക്കവിധത്തിൽ ചില മാതൃകാപദ്ധതികൾ പഠനവിധേയമാക്കി അവതരിപ്പിക്കുകയാണ് ഈ കൈപ്പുസ്തകം.

പ്രകൃതിസൗന്ദര്യംകൊണ്ടും വിഭവങ്ങളാലും സമ്പന്നമായ വയനാട് ജില്ലയിൽ പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായ ഗ്രാമപഞ്ചായത്താണ് മീനങ്ങാടി.

ഭൂപ്രകൃതിയുടെ വൈവിധ്യംകൊണ്ടും പട്ടികവർഗ്ഗ ജനസംഖ്യ ഏറെയുള്ളതുമായ മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള ആറ് പദ്ധതികളാണ് ഈ കൈപ്പുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നത്. 2014 ൽ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്ക് നൽകിവരുന്ന ആരോഗ്യകേരളം, പുരസ്കാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തു കൂടിയാണിത്. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ അനുഭവപാഠം ഈ പഠന സന്ദർശന പരിപാടിയിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

അനുകരണീയ മാതൃകകളുടെ ഡോക്യുമെന്റേഷനും 'പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക്' എന്ന പഠനസന്ദർശന പരിപാടികൾക്കും നേതൃത്വം നൽകുന്ന കിലയുടെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, ഡോക്യുമെന്റേഷൻ നിർവ്വഹിച്ച ഷരീഫ് സി.കെ. മീനങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണ സമിതി എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. പി.പി. ബാലൻ**
മാർച്ച് 2015 — ഡയറക്ടർ, കില

## ഉള്ളടക്കം


| | | |
|---|---|---|
| 1. | മീനങ്ങാടി ഗ്രാമപഞ്ചായത്ത് - ആമുഖം | 1 |
| 2. | പൊതുവിവരങ്ങൾ | 4 |
| 3. | പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും | 8 |
| 4. | മാതൃക പദ്ധതികൾ | 11 |
| 4.1. | 'ഹരിത കവചം' - ഭൂമിക്ക് തണൽ | 11 |
| 4.2. | മാനവ വിഭവശേഷി വികസന കേന്ദ്രം (Human Resource Deveopment Centre - HRDC) | 15 |
| 4.3. | ഹൈജിയ - ആരോഗ്യ ശുചിത്വ പരിപാടി | 22 |
| 4.4. | ട്രൈബൽ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് എമേർജിംഗ് സ്കീം (TIDES) | 29 |
| 4.5. | കുട്ടികളുടെ സമഗ്ര വികസന പദ്ധതി | 36 |
| 4.6. | വയോജന വികസന സമഗ്ര പദ്ധതി | 40 |


- വയോജനങ്ങളുടെ സമ്പൂർണ്ണക്ഷേമവും വികസനവും ഉറപ്പുവരുത്തുക
- വയോജന അയൽസഭകളും വയോജന ക്ലബ്ബുകളും രൂപീകരിക്കുക
- വയോജന മാനവ വിഭവശേഷിയും അനുഭവസമ്പത്തും പുതുതലമുറക്കായി ഉപയോഗപ്പെടുത്തുക
- വയോജനങ്ങൾക്ക് കുടുംബത്തിലും സമൂഹത്തിലും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക

### 4.6.2. പദ്ധതിയുടെ പ്രസക്തി

- മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 11.61% വും വയോജനങ്ങളാണ്.
- വയോജനങ്ങൾ നേരിടുന്ന ശാരീരിക മാനസിക വെല്ലുവിളികളും ഒറ്റപ്പെടലും അതിജീവിക്കാൻ പദ്ധതി സഹായകമാകുന്നു.
- വയോജന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പദ്ധതി സഹായകമാകുന്നു.

### 4.6.3. പദ്ധതിയുടെ ഗുണഭോക്താക്കൾ

മീനങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 4019 വയോജനങ്ങൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നു.

### 4.6.4. പദ്ധതി പ്രവർത്തനങ്ങൾ

- ബോധവൽക്കരണം - പരിശീലനം (നിയമം, ആരോഗ്യം തുടങ്ങിയ മേഖലകൾ ഉൾപ്പെടെ)
- വയോജന സംഘടനാ സംവിധാനം രൂപീകരിക്കൽ

## മാതൃക പദ്ധതി - 6

## 4.6. വയോജന വികസന സമഗ്ര പദ്ധതി

കേരളത്തിന്റെ ആകെ ജനസംഖ്യയിൽ വയോജനങ്ങളുടെ പ്രാതിനിധ്യം ഉയർന്നുവരുന്ന സാഹചര്യത്തിൽ വയോജന ക്ഷേമപ്രവർത്തനങ്ങൾ അതീവ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 11.61% വും വയോജനങ്ങളാണ്. ശാരീരിക മാനസിക ഒറ്റപ്പെടലുകളും, ആരോഗ്യ പ്രശ്നങ്ങളും, വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും വയോജനങ്ങൾ നേരിടേണ്ടി വരുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇവയെ മറികടക്കുന്നതോടൊപ്പം വയോജന വിഭാഗങ്ങളുടെ അറിവുകളും മറ്റ് സർഗശേഷികളും വരും തലമുറക്കു കൂടി പകർന്നു നൽകുന്നതിനുള്ള ഒരു ചുവടുവെപ്പാണ് 'വയോജന വികസന സമഗ്ര പദ്ധതി'.

### 4.6.1. പദ്ധതി ലക്ഷ്യങ്ങൾ

- വയോജന സൗഹൃദ പഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കുക





# 1. മീനങ്ങാടി ഗ്രാമപഞ്ചായത്ത് - ആമുഖം

**ചരിത്രാതീതകാലം** മുതൽക്കേ സംഘടിത ജീവിതം നിലനിന്നിരുന്ന വയനാട് ജില്ലയുടെ ചരിത്രത്തിൽ നിന്നും ഒട്ടും വിഭിന്നമല്ല മീനങ്ങാടിയുടെ ചരിത്രവും. സുൽത്താൻ ബത്തേരി താലൂക്കിലെ കുപ്പക്കൊല്ലി, ആയിരം കൊല്ലി, എന്നീ പ്രദേശങ്ങളിൽ നിന്നും കണ്ടെടുത്ത, ചെറു ശിലായുഗത്തിലേതെന്ന് അനുമാനിക്കപ്പെടുന്ന വിവിധതരം മൺപാത്രങ്ങൾ (കറുപ്പും ചുവപ്പും മൺപാത്രങ്ങൾ, ചാരനിറത്തിലുള്ള കോപ്പകൾ), വെള്ളാരംകല്ലു കൊണ്ട് നിർമ്മിച്ച ആയുധങ്ങൾ, വയനാട് ജില്ലയിൽ ഇന്ന് അവശേഷിക്കുന്ന ഏറ്റവും പ്രാചീനമായ ചരിത്ര സ്മാരകമായ എടക്കൽ ഗുഹയിലെ ചുവർ ചിത്രങ്ങൾ - ശിലാ ലിഖിതങ്ങൾ, തൊവരിമലയിൽ സ്ഥിതിചെയ്യുന്ന (എടക്കൽ ശിലാ ലിഖിതങ്ങളോട് സാമ്യമുള്ള) എഴുത്ത്പാറ, മീനങ്ങാടിക്കടുത്ത പ്രദേശമായ പാതിരിപ്പാറയുടെ ചരിവിലുൾപ്പെടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ട ശവകുടീര മാതൃകകൾ (മുനിയറ) ഉൾപ്പെടെയുള്ള മഹാശിലായുഗാവശിഷ്ടങ്ങൾ എന്നിവയെല്ലാം സൂചിപ്പിക്കുന്നത് അതിപുരാതന കാലം മുതൽക്കേ സമൃദ്ധമായ ഒരു സംസ്കാരവും സംഘടിത ജീവിതവും വയനാട്ടിൽ നിലനിന്നിരുന്നു എന്നാണ്.

എടക്കൽ ഗുഹാചിത്രങ്ങൾ കേരളത്തിലെ ഏറ്റവും പ്രാചീനമായ ഒരു രാജവംശത്തെകുറിച്ചുള്ള സൂചനകൾ നൽകുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഈ ഗുഹാചിത്രങ്ങൾ കൊത്തിയത് മുള്ളുക്കുറുമ സമുദായക്കാരുടെ പൂർവ്വികരാണെന്നും അനുമാനിക്കപ്പെടുന്നു.

സംഘകാലഘട്ടത്തിൽ കുടുംബി വംശജരായ കടമ്പ രാജവംശത്തിന്റെ ഭരണാധിപത്യത്തിന് കീഴിലായിരുന്ന വയനാട് ഭൂപ്രദേശം 'കാർക്കനാട്' എന്നാണ് അറിയപ്പെട്ടിരുന്നത്. വൈഷ്ണവരായ കുടുംബീയ വംശജർ മഹാവിഷ്ണുവിന്റെ അവതാരമായ മത്സ്യാവതാരത്തെ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്നു. മീനങ്ങാടിയിലെ പുന:രുദ്ധരിക്കപ്പെട്ട മത്സ്യാവതാര മഹാവിഷ്ണു ക്ഷേത്രം വൈഷ്ണവരായ കുടുംബി വംശജരുടെ ആധിപത്യത്തിലേക്ക് വെളിച്ചം വീശുന്ന സുപ്രധാന കണ്ണികൂടിയാണ്.

കുടുംബി രാജവംശത്തിലെ അവസാനത്തെ രാജാവിനെ കീഴടക്കിയ നെടു ഞ്ചേരലാതൻ ഈ പ്രദേശത്തെ ചേരസാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. ഈ കാലഘട്ടത്തിൽ മീനങ്ങാടിയിലെത്തിയ തമിഴ് പടയാളികൾ ഇവിടുത്തെ വൈഷ്ണവ ജനതയെ, മീനിനെ (മഹാവിഷ്ണുവിന്റെ മത്സ്യാവതാരം) ആരാ ധിക്കുന്നവർ എന്ന അർത്ഥത്തിൽ 'മീനവർ' എന്ന് വിളിച്ചിരുന്നു.

'മീനവർ' അധിവസിക്കുന്ന ഗ്രാമം എന്ന നിലയിലും, മത്സ്യാവതാര പ്രതി ഷ്ഠയുള്ള ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലമായതുകൊണ്ടും കർണ്ണാടകയിൽ നിന്നെത്തിയ കുടിയേറ്റക്കാർ 'മീൻ അങ്കിടി' എന്ന് ഈ പ്രദേശത്തെ വിളിച്ചു തുടങ്ങി. കന്നട ഭാഷയിൽ 'അങ്കിടി' എന്ന വാക്കിന് 'ഗ്രാമം' എന്നും 'ക്ഷേത്രം' എന്നും അർത്ഥതലങ്ങളുണ്ട്.

പിൽക്കാലത്ത് കോട്ടയം രാജവംശത്തിന്റെ അധീനതയിലായിരുന്ന വയനാട് ഭൂപ്രദേശം ഭരണ സൗകര്യാർത്ഥം അറുപത് നാടുകളായി വിഭജിക്കുകയും, മലബാറിൽ നിന്ന് കുടിയേറിയ നായർ പ്രമാണിമാരുടെ മേൽനോട്ടത്തിൽ എട്ടും, പത്തും നാടുകൾ ചേർന്ന് ആറ് സ്വരൂപങ്ങളായിത്തീരുകയും ചെയ്തു. ഈ കാലഘട്ടത്തിൽ കുപ്പത്തോട് നായന്മാർക്ക് ആധിപത്യമുള്ള വയനാട് സ്വരൂപത്തിലാണ് മീനങ്ങാടി ഉൾപ്പെട്ടിരുന്നത്.

മീനങ്ങാടിയിൽ ഗ്രാമപഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നത് 1962 ലാണ്. തെരഞ്ഞെടുക്കപ്പെട്ട ഏഴ് മെമ്പർമാരും, നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാ മെമ്പറുമടക്കം എട്ട് അംഗങ്ങളുള്ള പുറക്കാടി പഞ്ചായത്ത് ബോർഡ് 1963 നവംബറിൽ നിലവിൽ വന്നു. പഞ്ചായത്തിന്റെ പേര് 'മീനങ്ങാടി' എന്ന് 1973 ൽ പുനർ നാമകരണം ചെയ്യപ്പെട്ടു.

ഭൂമിശാസ്ത്രപരമായി വയനാട് ജില്ലയുടെ ഏകദേശം മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന മീനങ്ങാടി ഗ്രാമപഞ്ചായത്ത്, ജില്ലാ ആസ്ഥാനത്ത് നിന്നും 20 കി. മീ. ദൂരപരിധിയിൽ കോഴിക്കോട്-കൊല്ലഗൽ ദേശീയപാതക്ക് ഇരുവശവു മായി സ്ഥിതിചെയ്യുന്നു. (അക്ഷാംശം $110^{0}$'9 നും $11^{0}$'13' നും ഇടയിൽ - രേഖാംശം : $76^{0}$'38'നും $760^{o}$'48'നും ഇടയിൽ).

ഭൂപ്രകൃതിയനുസരിച്ച് മീനങ്ങാടിയെ സമതലങ്ങൾ, താഴ്‌വരകൾ, ചരിവുകൾ, കുന്നുകൾ, പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശം എന്നിങ്ങനെ അഞ്ച് പ്രദേശ ങ്ങളായി തരം തിരിക്കാവുന്ന മീനങ്ങാടി പഞ്ചായത്തിൽ കറുത്ത മണ്ണ്, കളി മണ്ണ്, മണൽ മണ്ണ്, പശിമയുള്ള ചെമ്മണ്ണ് എന്നീ മണ്ണിനങ്ങൾ



### 4.5.6. പദ്ധതി വ്യയം

**പട്ടിക 4.14: പദ്ധതി ചെലവ്**

| നം. | ഇനം | 2013-14 | 2014-15 | ആകെ.. |
|---|---|---|---|---|
| 1. | കുട്ടിപഞ്ചായത്ത് | 50,000 | 25,000 | 75,000 |
| 2. | ഓപ്പറേഷൻ ഒളിമ്പിയ | 75,000 | 75,000 | 1,50,000 |
| 3. | നീന്തൽ, യോഗ, നൃത്തം | 50,000 | 50,000 | 1,00,000 |
| 4. | ഫുട്ബോൾ അക്കാദമി | 50,000 | 89,000 | 1,39,000 |
| 5 | വിവധ പരിശീലനങ്ങൾ | 25,000 | 50,000 | 75,000 |
| | നാടക കളരി | 0 | 1,00,000 | 1,00,000 |
| | **നടപ്പു വർഷം ചെലവഴി ക്കാനുള്ളത്** | **0** | **46,000** | **46,000** |
| | **ആകെ** | **2,50,000** | **3,89,000** | **6,85,000** |

നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കാനുള്ള 46000/- രൂപ പ്രവർത്തന/ ട്രയിനിംഗ് കലണ്ടർ പ്രകാരം 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ചെലവഴിക്കേണ്ടത്.

### 4.5.7. നിർവ്വഹണം

കൊളഗപ്പാറ ഗവണ്മെന്റ് യു.പി. സ്കൂൾ പ്രധാനാധ്യാപകന്റെ നിയന്ത്ര ണത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### 4.5.8. നേട്ടങ്ങൾ

- കലാ-കായിക മേഖലകളിൽ കാര്യക്ഷമമായി ഇടപെടാൻ സാധിച്ചു.
- ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പ്രശ്നങ്ങ ളിൽ സമഗ്രമായ ഇടപെടലുകൾ തുടർന്നുവരുന്നു.

### 4.5.9. പരിമിതികൾ/വെല്ലുവിളികൾ

പദ്ധതിയുടെ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്നിരിക്കെ അദ്ധ്യാ യന വിഷയങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്നവരാ ണ്. ആയതിനാൽ കൂടുതൽ പ്രവർത്തനങ്ങൾ പ്രായോഗികമല്ലാതെ വരുന്നു.